## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2933 | 17.10.2016 ൽ മറുപടിയ്ക്ക്

## പൊതു വിതരണ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആവശ്യാനുസരണം മിതമായ നിരക്കിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; | (എ) നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനായി സപ്ലൈകോ പൊതുവിപണിയിൽ നിന്നും ശരാശരി 50% വരെ കുറഞ്ഞ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നുണ്ട്.<br><br>സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കുപുറമെ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേൻമയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ |

വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ എല്ലാ അദ്ധ്യയനവർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെൻറ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20% വരെ വിലക്കുറവിൽ ലഭ്യമാക്കി വരുന്നു.

സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ തലങ്ങളിൽ പരിശോധനകളും നടത്തി വരുന്നുണ്ട്.

ഇങ്ങനെ പൊതു വിപണിയിൽ സപ്ലൈകോ സജീവമായി ഇടപെട്ട് പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാനുള്ള നടപടികളെടുത്തു വരുന്നു.

(ബി) സപ്ലൈകോ, മാവേലിസ്റ്റോർ എന്നിവ വഴി പൊതു വിതരണ മേഖല ശക്തിപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിനകം കൈക്കൊണ്ടിട്ടുള്ളതും ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(ബി) യും (സി) യും സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 32 പഞ്ചായത്തുകൾക്ക് മുൻഗണന നൽകി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി

സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. ആയത് അനുസരിച്ചുള്ള എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടു കൂടി പൊതുവിതരണ ശൃംഖല അഴിമതി രഹിതവും കൂടുതൽ സുതാര്യവുമായി തീരുന്നതാണ്.

സെക്ഷൻ ഓഫീസർ